

# ആമുഖം

അക്കാദമികമായ മികവിൽ ഊന്നികൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, സർക്കാരിന്റെ വിവിധ ഏജൻസികൾ എന്നിവരുടെ സഹായത്തോടെ വിദ്യാലയത്തിന്റെ ഭൗതീകവും അക്കാദമികവും സാമൂഹികവുമായ വികസനം സാധ്യമാക്കുന്ന പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്.

അത്തരത്തിൽ വ്യക്തമായ മുന്നൊരുക്കങ്ങളിലൂടെയാണ് മൂള്ളൂർക്കര എൻ.എസ്.എസ് ന്റെ വികസന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വിവിധ കൂട്ടായ്മകളിൽ വിദ്യാലയത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ മാതൃകകൾ ചർച്ച ചെയ്ത സത്യധർമ്മാദികൾ അടിസ്ഥാന മൂല്യങ്ങളായി അഭ്യസിയ്ക്കപ്പെടുകയും, സാഹോദര്യത്തിന്റെയും നീതിയുടെയും വിത്തുല്പാദിപ്പിയ്ക്കപ്പെടുകയും നന്മയുടെയും ജ്ഞാനത്തിന്റെയും വിളവെടുപ്പ് നടത്തുകയും ചെയ്തുവരുന്ന ഈ വിദ്യാ ക്ഷേത്രത്തിന്റെ ചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിയ്ക്കാം....

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണ്യകളും കഴിവിന് അനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

* പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം. കണക്ക്, സയൻസ്, ഐടി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.

* പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും വേണം.

* സാമൂഹിക രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം.

* ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയശേഷിയും നേടണം.

* ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കണം.

* കുട്ടിയുടെ കഴിവ് കേവലം പഠന വിഷയങ്ങളിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കണം.

* അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുക.

* അധ്യാപക നിലവാരം ഉയർത്തുന്നതിന് ഭാഗമായി അധ്യാപകർ കൃത്യമായി പരിശീലനങ്ങളിൽ ഏർപ്പെടുക.

* പാഠ്യേതരമികവ് ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.

* കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

* മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി കുട്ടികളിൽ വളർത്തുക

* മദ്യപാനം, മയക്കുമരുന്ന് ഇവയുടെ ഉപയോഗം കുട്ടികളിൽ നിന്നും ഒഴിവാക്കാനാകുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

* സ്കൂൾ ക്യാമ്പസ് പരമാവധി പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത ലഹരി മുക്തമാക്കുവാൻ പരിശ്രമിക്കുക.

* സ്കൂളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക

* പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലേക്ക് എത്തിക്കുക.

* സ്കൂൾ ലൈബ്രറി, ലാബ് ആധുനികവൽക്കരിക്കുക.

* കുട്ടികളുടെ സമഗ്ര ആരോഗ്യം ഉറപ്പുവരുത്തുകയും ആവശ്യഘട്ടങ്ങളിൽ കൗൺസലിംഗ് നൽകുകയും ചെയ്യുക.

* എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസുകൾ ആക്കി പഠന പ്രവർത്തന ങ്ങൾക്ക് പുതിയ മാറ്റം നൽകുക.

* കുട്ടികൾക്കുള്ള ഉച്ചഭക്ഷണം ഏറ്റവും വൃത്തിയുള്ള സാഹചര്യത്തിൽ പാകം ചെയ്ത് വിതരണം ചെയ്യുക.

* പഠനത്തോടൊപ്പം വിനോദത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സാധ്യതയും ഇല്ലാതിരുന്ന മുള്ളൂർക്കര പ്രദേശത്ത് പഠനത്തിൽ തൽപരരായ ദരിദ്രരായ വിദ്യാർത്ഥികൾ പഠനം തുടരാനാകാതെ കഷ്ടപ്പെടുകയും ദൂരസ്ഥലങ്ങളിലെ സ്കൂളുകളെ ആശ്രയിക്കേണ്ടിയും വന്ന സാഹചര്യത്തിൽ 1982 ൽ ആണ് മുള്ളൂർക്കരയിൽ എൻ.എസ്.എസ്. ഹൈസ്കൂൾ രൂപംകൊണ്ടത്. തുടർന്ന് 2010-11ൽ ഓരോ ഹ്യുമാനിറ്റീസ്, ബയോളജി, സയൻസ് ബാച്ചുകളുമായി 2015-16ൽ ഒരു കൊമേഴ്സ് ബാച്ചും പ്രവർത്തനം ആരംഭിച്ചു. ഹയർ സെക്കന്ററി തുടങ്ങിയ അവസരത്തിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന ശ്രീമതി കോമളവല്ലി ടീച്ചർ ആണ് പ്രിൻസിപ്പലിന്റെ ചുമതല വഹിച്ചത് ഇപ്പോൾ പ്രിൻസിപ്പൽ പദവി വഹിക്കുന്നത് ശ്രീമതി സൗമ്യ ടീച്ചർ ആണ്. ഹയർ സെക്കന്ററി വിഭാഗത്തിൽ നാലു ബാച്ചുകളിലായി 400 ൽ പരം പഠിതാക്കളുണ്ട്.

# വളർച്ചയുടെ നാഴികക്കല്ലുകൾ

8-6-1982 ൽ മുള്ളൂർക്കര തിരുവാണിക്കാവ് ഭഗവതി ക്ഷേത്രത്തിന്റെ ഊട്ടു പുരയിൽ 8-ാം സ്റ്റാൻഡേർഡ് 4 ഡിവിഷനോടെ ആരംഭിച്ചു. പി.ജി. ചന്ദ്രശേഖ രൻ നായരായിരുന്നു. ആദ്യത്തെ എച്ച്.എം. 200 കുട്ടികളും 7 അധ്യാപകരുമാണ് അന്ന് ഉണ്ടായിരുന്നത്. 1982 ഡിസംബർ ഇടലംകുന്ന് പുതിയതായി പണിത കെട്ടിടത്തിലേക്ക് വിദ്യാലയം മാറ്റി. 1983 ൽ 9-ാം ക്ലാസ്സും, 1984 ൽ 10-ാം ക്ലാസ്സും നിലവിൽ വന്നു. 163 വിദ്യാർത്ഥികൾ ആദ്യം എസ്.എസ്.എൽ.സി. പരീക്ഷയിൽ 66% ആയിരുന്നു വിജയം.

35 വർഷം പിന്നിട്ട ഈ വിദ്യാലയം ഇന്ന് പാഠ്യ-പാഠ്യേതര രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന മൂന്നു നിലകളിലായി നിലകൊള്ളുന്ന ഈ വിദ്യാലയത്തിൽ ഇന്ന് ഹയർ സെക്കന്ററി വിഭാഗവും പ്രവർത്തിച്ചു വരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

ഒരു വിദ്യാലയത്തെ മികവിലേക്കുയർത്തുന്നത് പാഠ്യ-പാഠ്യേതര പ്രവർത്തന ങ്ങളാണ്. പഠനത്തിനായി വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച സാഹചര്യങ്ങൾ ഒരുക്കുക, പഠനേതര പ്രവർത്തനങ്ങളിലൂടെ മികച്ചവരെ വാർത്തെടുക്കുക, വിദ്യാർത്ഥിയുടെ താത്പര്യവും വികാസവും പരിഗണിക്കുക, വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ അറിവ്, കഴിവ് താല്പര്യം ഇവരെ മനസ്സിലാക്കി ഈ വിദ്യാത്ഥികളുടെ വൈവിധ്യത്തെ ഉൾകൊണ്ട് വ്യ ക്തിത്വ മികവിനായുള്ള സൗകര്യങ്ങളും ഒരുക്കി മുമ്പോട്ട് പോകുമ്പോഴാണ് സ്കൂൾ മികവിന്റെ മികച്ച ഉദാഹരണമായി തീരുന്നത്.

# നിലവിലെ അവസ്ഥാവിശകലനം ഭൗതികം

## പരിമിതികൾ

* ആഡിറ്റോറിയം, ഡൈനിംഗ് ഹാൾ
* സൈക്കിൾ ഷെഡ്
* കൂടുതലായി ഒരു സ്റ്റയർകേസ്
* കൂടുതൽ ടേയ്‌ലെറ്റ് സൗകര്യം
* ലാബ്, സ്പോർട്സ് ഉപകരണങ്ങൾ
* ലൈബ്രറി നവീകരണം
* വാട്ടർ ഫിൽട്ടർ
* സ്മാർട്ട് ക്ലാസ് റൂം
* വാഹനസൗകര്യം, മുറ്റം

**നേട്ടങ്ങൾ**

* കോൺക്രീറ്റ് കെട്ടിടം, മുറികൾ, ജലലഭ്യത
* തിരക്കൊഴിഞ്ഞ സ്ഥലം
* ഹെൽത്ത് സെന്ററിന്റെ സാമീപ്യം

**<u>അക്കാദമികം</u>**

**<u>പരിമിതികൾ</u>**

* 8-ാം ക്ലാസിലെത്തുന്ന കുട്ടികളുടെ മുന്നറിവിലെ പരിമിതികൾ
* കുട്ടികളുടെ, സാമ്പത്തികവും കുടുംബപരമായ പിന്നോക്കാവസ്ഥ
* ലാബ്, ലൈബ്രറി എന്നിവയിലെ സൗകര്യക്കുറവ്
* പരിസരങ്ങളിലെ ലഹരി വസ്തുക്കളുടെ ലഭ്യത

**<u>നേട്ടങ്ങൾ</u>**

* റിസൽട്ടിലെ വർദ്ധനവ്
* കാർഷിക ക്ലബ് തുടങ്ങിയ ക്ലബ് പ്രവർത്തനം
* ലഹരി ഉപയോഗത്തിൽ നിയന്ത്രണം
* അച്ചടക്കത്തിൽ പുരോഗതി.

**ചേലക്കര നിയോജകമണ്ഡലം സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങൾ വിവരങ്ങൾ - എച്ച്. എസ് വിഭാഗം**

<table>
<tr><td>സ്കൂൾ പേര്</td><td colspan="3">NSS HSS Mullurkara, Thrissur (DT), Chavakkad (Edn dist)</td></tr>
<tr><td>പിൻകോഡ്</td><td colspan="3">680 583</td></tr>
<tr><td>ഇമെയിൽ</td><td colspan="3">nsshsmka@gmail.com</td></tr>
<tr><td>പ്രിൻസിപ്പാൾ<br>ഹെഡ്മിസ്ട്രസ്</td><td colspan="3">ഡോ. സൗമ്യ പി. സുശീൽ<br>കെ. രാജേശ്വരി</td></tr>
<tr><td>മൊബൈൽ നമ്പർ</td><td colspan="3"></td></tr>
<tr><td>സ്കൂൾ ലാന്റ് ഫോൺ നമ്പർ</td><td colspan="3"></td></tr>
<tr><td>ഏത് സ്റ്റാൻഡേർഡ് മുതൽ ഏത് സ്റ്റാൻഡേർഡ് വരെ</td><td colspan="3">8 മുതൽ 12 വരെ</td></tr>
<tr><td>സർക്കാർ എയ്ഡഡ്</td><td colspan="3">എയ്ഡഡ്</td></tr>
<tr><td rowspan="2">ആകെ കുട്ടികൾ</td><td>ആകെ</td><td>ആൺകുട്ടികൾ</td><td>പെൺകുട്ടികൾ</td></tr>
<tr><td>559</td><td>291</td><td>268</td></tr>
<tr><td rowspan="2">പട്ടികജാതി കുട്ടികളുടെ എണ്ണം</td><td>74</td><td>ആൺകുട്ടികൾ</td><td>പെൺകുട്ടികൾ</td></tr>
<tr><td></td><td>44</td><td>30</td></tr>
<tr><td rowspan="2">പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം</td><td>ഇല്ല</td><td>ആൺകുട്ടികൾ</td><td>പെൺകുട്ടികൾ</td></tr>
<tr><td></td><td></td><td></td></tr>
<tr><td>ആകെ ടീച്ചർമാരുടെ എണ്ണം</td><td>ആകെ</td><td>ലീവ് പ്രകാരം ഒഴിഞ്ഞു കിടക്കുന്നത്</td><td>നികത്താനുള്ളത്.</td></tr>
<tr><td></td><td></td><td>1</td><td>3</td></tr>
</table>

# NSS HSS MULLURKKARA

## MISSION

The Mission of our School is to renew the minds of our students through:

- Extra-curricular activities
- Awareness classes
- Effective use of advanced technologies

We aims to transform their thinking, memory, intelligence will and imagination inculcating them with the gospel values of;

- God's love
- Joy
- Peace
- Forgiveness
- Mercy
- Goodness
- Long suffering
- Kindness
- Faithfulness
- Humanity
- Self control
- Purity

By integrating these values we strive to shape well rounded Individuals who excel academically, socially and spiritually

| | | | |
|---|---|---|---|
| ആകെ ഡിവിഷനുകൾ എച്ച്.എസ് എച്ച്.എസ്.എസ് | ആകെ | | |
| | 15 | എച്ച്. എസ് | |
| | | എച്ച്.എസ്.എസ് | |
| | | | |
| നിലവിലുള്ള ക്ലാസ് മുറികളുടെ എണ്ണം | ആകെ | 15 | |
| | | | |
| സ്കൂൾ നിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | | 1.7440 ഹെക്ടർ | |
| | | | |
| ടോയ്‌ലറ്റീ യൂറിനൽ സൗകര്യം ആകെ എണ്ണം | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ |
| | 17 | യൂറിനൽ ഷെഡ് - 2<br>ടോയ്‌ലറ്റ് - 6 | ടോയലറ്റ് - 9 |
| നിലവിലുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം | | ഡെസ്ക്ടോപ്പ് | ലാപ്പ്ടോപ്പ് |
| | 31 | 4 | 27 |
| സ്മാർട്ട് ക്ലാസ്സ് മുറികളുടെ എണ്ണം | 16 | | |
| അസംബ്ലി ഹാൾ ഉണ്ടോ? വിസ്തീർണ്ണം | 1<br>151.11 സ്ക്വയർ മീറ്റർ | | |
| ഗ്രൗണ്ട് കളി സ്ഥലം വിസ്തീർണ്ണം | 448.36 സ്ക്വയർ മീറ്റർ | | |
| നീന്തൽക്കുളം ചുറ്റുമതിൽ ഉണ്ടോ? | ഇല്ല | | |

# വിദ്യാലയ വികസന സമിതി അംഗങ്ങൾ

1. റവ. സി. സെൽമി സൂസോ ഹെഡ്മിസ്ട്രസ്
2. പി.ടി.എ അംഗങ്ങൾ
3. എം.പി.ടി.എ അംഗങ്ങൾ
4. ഐ.ഒ.ബി.ബാങ്ക് മാനേജർ
5. ടീച്ചേഴ്സ്
6. ഡ്രൈവേഴ്സ്
7. ഒ എസ് എ അംഗങ്ങൾ
8. അഭ്യുദയകാംക്ഷികൾ
9. നല്ലവരായ നാട്ടുകാർ
10. പഞ്ചായത്ത് മെമ്പർ

## അധ്യാപകർ - നിലവിലെ അവസ്ഥ

| SECTION | NO. OF TEACHERS | PERMANENT TEACHERS | TEMPORARY TEACHERS |
|---|---|---|---|
| HS | - | 22 | - |

## 2024 - 2025 വർഷത്തിൽ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| CLASS | BOYS | GIRLS | TOTAL |
|---|---|---|---|
| 8 | 109 | 85 | |
| 9 | 88 | 88 | |
| 10 | 94 | 95 | |

# പദ്ധതി രൂപീകരണ പ്രക്രിയ

വിദ്യാലയ വികസന മാസ്റ്റർ പ്ലാനിന്റെ ആസൂത്രണത്തിൽ ജൂൺ 10 ന് അധ്യാപകരുടെയും പി.ടി.എ പ്രസിഡന്റ് ഷാജിമോന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എച്ച്. എം രൂപീകരണത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു. ക്ലാസ് മുറികൾ ഹൈടെക് ആക്കുക. ഭൗതികമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തുടങ്ങിയ കാര്യങ്ങൾ ആസൂത്രണം ചെയ്തു.

ജൂൺ 10 ന് ചേർന്ന അധ്യാപകരുടെ യോഗത്തിൽ അക്കാദമിക് പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. 2025-26 അക്കാദമിക് വർഷത്തെയും ദീർഘമായ അടിസ്ഥാനത്തിലുള്ളതുമായ പദ്ധതികൾ ആസൂത്രണം ചെയ്തു.

ന് ചേർന്ന എസ്.ആർ.ജി യോഗത്തിൽ മാസ്റ്റർ പ്ലാനിന്റെ കരടു രൂപം അവതരിപ്പിച്ചു.

## അക്കാദമിക മികവ് പ്രവർത്തനങ്ങൾ

- അക്കാദമിക മികവ് ആയി നമ്മുടെ സ്കൂൾ തെരഞ്ഞെടുത്തിരിക്കുന്നത് FLUENCY IN ENGLISH എന്നതാണ്. കുട്ടികളുടെ ഇടയിൽ ഇംഗ്ലീഷ് എന്ന ഭാഷ പ്രയോഗത്തിൽ കൊണ്ടുവരാനും ഒപ്പം തന്നെ ആത്മ വിശ്വാസത്തോടെ ഉപയോഗിക്കാനും വേണ്ടി ആണ്. അതിനായി സ്കൂളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ:

- FIRST TERM AND SECOND TERM ക്ലാസ് വൈസ് ഇംഗ്ലീഷ് ഫെസ്റ്റുകൾ നടത്തും.

- എല്ലാ ആഴ്ചയിലും 10 USEAGE WORDS AND SENTENCES നൽകും.

- VOCABULARY വർദ്ധിപ്പിക്കാൻ EXHIBITIONS സംഘടിപ്പിക്കും.

- ഓരോ ആഴ്ചയിലും ക്ലാസ് അടിസ്ഥാനത്തിൽ സ്കൂൾ പത്രങ്ങൾ പ്രദർശിപ്പിക്കൽ

- ENGLISH TRAINING PROGRAMME സംഘടിപ്പിക്കൽ

## തനതു പ്രവർത്തനങ്ങൾ :

- വിജയശതമാനം ഉയർത്തുന്നതിന് Morning and Evening, Saturday വഴിയും പരിശീലനം നൽകുന്നു.

- പാഠ്യേതര വിഷയങ്ങളിലെ മികവിന് അവധി ദിവസങ്ങളിൽ പ്രവർത്തിപരിചയം DANCE, KARATE എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു.

- ഗണിതം എളുപ്പമാക്കാൻ അവധി ദിവസങ്ങളിൽ അബാക്കസ് പരിശീലനവും ഭാഷയും ഗണിതവും ഉറപ്പിക്കാൻ എല്ലാ ദിവസവും നാലുമണിക്ക് ശേഷം ക്ലാസ് എടുക്കുന്നു.

- സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 8 നും 9 നും പ്രത്യേക ക്ലാസ്സുകൾ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കാണ് ക്ലാസ് നൽകുന്നത്.

| SSLC RESULT ANALYSIS 2023-24 | |
|---|---|
| No. of Pupil | 181 |
| Result | 100% |
| Highest mark | 24 full A+ |
| 2024-25 | |
| No. of Pupil | 196 |
| Result | 100% |
| Highest mark | 9 full A+<br>18 A+ |

# പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെ പറയുന്നതിന് താഴെപറയുന്ന ഉപഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- ക്ലാസ് മുറികളുടെ സജ്ജീകരണം

- ക്ലാസ് മുറികളിലെ ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസ മത്വം എല്ലാ വിഭാഗം കുട്ടികളേയും ഉൾകൊള്ളുന്ന അന്തരീക്ഷം.

- അനുയോജ്യമായ പഠനോപകരണങ്ങൾ

- അധ്യാപക-വിദ്യാർത്ഥി ബന്ധം

- ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും

- ക്ലാസ് മുറികൾക്ക് അനുയോജ്യവും അനുരൂപീകരിച്ചതുമായ

- കളിസ്ഥലവും കളിയുപകരണങ്ങളും

തുടങ്ങിയ ഘടകങ്ങൾ ബന്ധപ്പെട്ടവരുമായി നടത്തുന്ന ചർച്ച, അഭിമുഖം എന്നിവയി ലൂടെയും നേരിട്ടും വിലയിരുത്തി രേഖപ്പെടുത്താവുന്നതാണ്.

# <u>അധ്യാപകർ</u>

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം നടപ്പിലാക്കു ന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വില യിരുത്തുന്നത് അത്യാവശ്യമാണ്. ഇതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കാ വുന്നതാണ്.

- സ്വാതന്ത്ര്യവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ (മനുഷ്യവിഭവനം, സമ്പത്ത്,

  സാമഗ്രികളുടെ ലഭ്യത)
- സാമൂഹിക പിന്തുണ
- ദൈനംദിനാസൂത്രണവും
- അധ്യാപക-രക്ഷാകർത്തൃബന്ധം

# സാമൂഹ്യ ഇടപെടലുകൾ

സാമൂഹ്യ ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ചുവടെ കൊടുക്കുന്നു.

- പി.റ്റി.എ
- എസ്.എം.സി
- മദർ പി.റ്റി.എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർത്ഥികൾ
- വിദ്യാലയ വികസന സമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധ സംഘടനകൾ
- പ്രാദേശിക വിദഗ്ധർ
- കായിക മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘാടകൾ ക്ലബ്ബു കൾ, പൂർവ്വ വിദ്യാർത്ഥികളായിട്ടുള്ള കായികതാരങ്ങൾ എന്നിവരെകൂടി ഈ സമിതി യിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

**സാമൂഹിക പങ്കാളിത്തം**

സ്കൂളിൽ പ്രവർത്തിച്ചുവരുന്ന നല്ലപാഠം പഠനത്തിൽ മികവു പ്രകടിപ്പിക്കുന്ന പാവ പ്പെട്ട കുട്ടികൾക്ക് എൻഡോവ്മെന്റുകൾ നൽകുന്നതിന് സാമ്പത്തിക സഹായം ലഭിച്ചു വരുന്നു.

**വിദ്യാലയത്തിന്റെ ശക്തിയും പരമിതിയും കണ്ടെത്തൽ**

**1. ശക്തി**

- അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയ വികസന സമിതി അംഗങ്ങൾ
- കുട്ടികളുടെ പഠനകാര്യങ്ങളിൽ താൽപര്യമുള്ള പി.ടി.എ
- ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപകർ

**2. പരമിതികൾ**

- അധ്യാപകരുടെ എ.ടി.യിലെ പരിജ്ഞാനക്കുറവ്
- ഇട ചുമരില്ലാത്ത നിരവധി ക്ലാസ് മുറികൾ

**3. സാധ്യതകൾ**

- കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ശാസ്ത്രമേളകൾ എന്നിവക്ക് പ്രഗല്ഭരുടെ സേവനം
- എം.പി.ടി.എ, ഒ.എസ്.എ എന്നിവരുടെ സഹകരണം

**4. ഭീഷണികൾ**

- അധ്യാപകരുടെ എ.ടി.യിലെ പരിജ്ഞാനക്കുറവ്
- പുതിയ വിദ്യാലയങ്ങളുടെ ആവിർഭാവം മൂലം കുട്ടികളുടെ എണ്ണം കുറയുന്നു.

**ലഭ്യമായ വിഭവങ്ങൾ, പ്രത്യേകതകൾ**

**1. സബ്ജക്ട് കൗൺസിൽ**

ഓരോ ആഴ്ചയും സബ്ജക്ട് കൗൺസിൽ കൂടി പഠനഭാഗങ്ങൾ ചർച്ച ചെയ്ത് സംശയങ്ങൾ തീർക്കുകയും ചർച്ച ചെയ്യുകയും റിപ്പോർട്ട് എഴുതുകയും ചെയ്തുവരുന്നു.

**2. എസ്.ആർ.ജി**

മാസത്തിൽ രണ്ടു തവണ വീതം എസ്.ആർ.ജി കൂടി കഴിഞ്ഞ ആഴ്ചകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത ആഴ്ചകളിലെ പ്രവർത്തനങ്ങളും ദിനാചരണങ്ങളും ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുകയും ചെയ്തുവരുന്നു.

**3. പി.ടി.എ**

ശക്തമായ പി.ടി.എ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പിന്തുണ നൽകി വരുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും പി.ടി.എ പ്രോത്സാഹനവും പിന്തുണയും നൽകി വരുന്നു.

**4. എം.പി.ടി.എ**

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കുന്ന ഒരു മാതൃ സംഘമാണ് ഈ സ്കൂളിന്റേത്.

**5. എസ്.എസ്.ജി**

സ്കൂളിന്റെ വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും എസ്.എസ്.ജി ഏറെ സഹകരിക്കുന്നുണ്ട്.

**6. സ്കൂൾ വികസന സമിതി**

പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ, എസ്.എസ്.ജി ഇവരുടെ പ്രതിനിധികൾ ചേർന്ന് സ്കൂൾ വികസന സമിതി പ്രവർത്തിക്കുന്നു.

**7. റെഡ്ക്രോസ്**

ആരോഗ്യം, സേവനം, സൗഹൃദം എന്ന ലക്ഷ്യത്തോടെ 20 അംഗങ്ങൾ അടങ്ങുന്ന സംഘടനയായി റെഡ്ക്രോസ് ആരംഭിച്ചു. ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക. സേവന സന്നദ്ധതയുള്ള തലമുറയെ വാർത്തെടുക്കുക, അന്താരാഷ്ട്ര സൗഹൃദം സമ്പുഷ്ടമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ജൂനിയർ റെഡ് ക്രോസ് സംഘടന ഈ സ്കൂളിൽ സജീവമാണ്.

**8. വാല്യൂ എഡ്യൂക്കേഷൻ**

JCI എന്ന സംഘനടയുടെ സ്പോൺസർഷിപ്പോടുകൂടി കുട്ടികളിൽ ലക്ഷ്യത്തോടെ സ്കൂളിൽ മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂളിലേക്കാവശ്യമായ നാപ്കിൻ വൈൻഡിംഗ് മെഷീൻ, ചികിത്സാ സഹായം, ഏറ്റവും നല്ല പെർഫോർമർക്കുള്ള സമ്മാനങ്ങൾ എന്നിവ കഴിഞ്ഞ വർഷം ഈ സ്കൂളിനു ലഭിച്ച നേട്ടങ്ങളാണ്.

**9. സ്മാർട്ട് ക്ലാസ്**

ഐ ടി സാങ്കേതിക വിദ്യയിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്മാർട്ട് ക്ലാസ് പ്രവർത്തിച്ചുവരുന്നു.

**10. സെമിനാർ ഹാൾ**

സെമിനാറുകൾ, മോട്ടിവേറ്റിംഗ് ക്ലാസുകൾ, കരാട്ടെ പരിശീലനം, ഡാൻസ് പരിശീലനം, മ്യൂസിക് ക്ലാസുകൾ, പി ടി എ മീറ്റിംഗുകൾ, അസംബ്ലി എന്നിവ നടത്തുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മരിയൻ ഹാൾ.

**11. ജാഗ്രതാ സമിതി**

ട്രാഫിക് നിയമങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവത്കരണം നടത്താനും രാവിലെയും വൈകീട്ടും സ്കൂളിനു മുമ്പിലുള്ള ട്രാഫിക് നിയന്ത്രിക്കാനും ജാഗ്രതാ സമിതി ശ്രദ്ധിക്കുന്നുണ്ട്. യാത്രയിൽ കുട്ടികള്ക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ അറിയിക്കാൻ പരാതിപ്പെട്ടി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**12. ക്ലബ് പ്രവർത്തനങ്ങൾ**

സയൻസ്, കണക്ക്, സാമൂഹ്യശാസ്ത്രം, ഭാഷകൾ എന്നിവയിൽ കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കുകയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്വിസ്, ഉപന്യാസ മത്സരങ്ങൾ എന്നിവ നടത്തുകയും ചെയ്യുന്നു. പഞ്ചായത്ത്, സബ്ജില്ലാ, ജില്ലാതല-ങ്ങളിലും കുട്ടികൾ മികവ് തെളിയിക്കുന്നുണ്ട്

**13. ലൈബ്രറി**

ഏകദേശം 4000 ത്തോളം, വ്യത്യസ്തഭാഷകളിലും വിഷയങ്ങളിലുമുള്ള പുസ്തകങ്ങൾ അടങ്ങിയ വിശാലമായ ലൈബ്രറി സ്കൂളിന് സ്വന്തമായി ഉണ്ട്. ഒഴിവു സമയങ്ങളിൽ കുട്ടികളും അധ്യാപകരും ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

**14. നല്ലപാഠം പദ്ധതി**

രോഗികളായ കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും സാമ്പത്തിക സഹായം, കൗൺസലിംഗ് സൗകര്യം, റംസാൻ, ഓണം, ക്രിസ്തുമസ് എന്നീ ആഘോഷങ്ങളുമായി ബന്ധപ്പെടുത്തി സാമ്പത്തിക ശേഷി കുറഞ്ഞ 50 കുട്ടികൾക്ക് വീത് സമ്മാന

കിറ്റ് വിതരണം, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് പഠന സഹായം എന്നിവ ചെയ്തു വരുന്നു.

### 15. എൻ.സി.സി

കേരള ബറ്റാലിയന് കീഴിലുള്ള പെൺകുട്ടികൾക്ക് വേണ്ടിയുള്ള എൻ.സി.സി യൂണിറ്റ് നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു. 2 വർഷങ്ങളിലായി 50 കുട്ടികൾ ഈ എൻ.സി.സി യൂണിറ്റിൽ എൻറോൾ ചെയ്തിട്ടുണ്ട്. ഏകതയും, അച്ചടക്കവും മുദ്രാ വാക്യമായി ഉയർത്തിപ്പിടിച്ച് ദേശസ്നേഹത്തിലധിഷ്ടിതമായി മുന്നേറുന്ന എൻ. സി.സി കേഡറ്റുകൾ സാമൂഹ്യ പ്രസക്തിയുള്ള പല വിഷയങ്ങളിലും ഇടപെടുകയും സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കിയുള്ള ബോധവൽക്കരണ പരിപാടികളിൽ പങ്കെടു ക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

# English Masterplan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Communicate in English language | Spoken English class English Library, English Assembly | Saturdays | PTA, Teachers | PTA, Management |
| Presentations in English | Profile writing, Role play, Seminar | Activities in class rooms | Teachers, SRG | English club |
| Reading and writing in English language | School English voice, Public Speaking, Simply Games News reading competitions | Classroom activities Academic year | English teachers | PTA, English Club |
| Dramatization | Skit, Puppet show | Class room activities Saturdays | English club | PTA |
| For English Recitation and Versification | Hearing English Poems writing appreciations | Classroom activities | Teachers, SRG | English club |

# ഹിന്ദി

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|
| കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ | ജൂൺ രണ്ടാം വാരം | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷാ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ |
| ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക | ജൂലായ് ആദ്യവാരം | |
| പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ചുള്ള പുസ്തക പരിചയം | ജൂലായ് രണ്ടാം വാരം | പ്രേംചന്ദ് ജിയുടെ രചനകളെ പരിചയപ്പെടുന്നതിനു വേണ്ടി |
| CWSN, SLOW LENERS<br>കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ.സി.ടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായ അവതരണം | ആഗസ്റ്റ് | CWSN കുട്ടികൾക്ക് വേണ്ട അധിക പിന്തുണ |
| കഥകൾ വായിപ്പിക്കുക, പ്രസംഗം പരിശീലിപ്പിക്കു | | വായനയിൽ പരിജ്ഞാനം വർധിപ്പിക്കുക |
| 'ഹിന്ദി ദിവസ് 'ആചരണം. കുട്ടികളെക്കൊണ്ട് ഹിന്ദി അസംബ്ലി നടത്തുക | സെപ്റ്റംബർ | ഹിന്ദി ഭാഷയുടെ പ്രാധാനം കുട്ടികളിലേക്ക് എത്തിക്കുക |
| ഹിന്ദി പത്രിക തയ്യാറാക്കുക | ഒക്ടോബർ | ഹിന്ദി എഴുത്ത് പ്രോത്സാഹിപ്പിക്കുക |
| ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | നവംബർ | സംസാരം പ്രോത്സാഹിപ്പിക്കുക |
| കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും പ്രവർത്തന പാക്കേജുകൾ | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | ഹിന്ദി ഭാഷയെ സരളമായി കൈകാര്യം ചെയ്യാൻ സജ്ജരാക്കുക |

# ACADEMIC MASTER PLAN – MATHEMATICS

# 2025-26

**Learn Math, Live Math, Love Math**

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ ആക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

## ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യം ജോഡികൾ, ബ്രിഡ്ജ് ദശാംശരൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ്ബ് ഉദ്ഘാടനം<br>• Problem of the week തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാഗ്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഘ്യകൾ, ബ്രിഡ്ജ് - ത്രികോണ പരപ്പ്, സമാന്തര വരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ടവർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവർഷിക പരീക്ഷ & PTM | • ഗണിതകിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക |

| | | | | |
|---|---|---|---|---|
| | | ബോധനം | | പരിശീലനം<br>• Sep-5 Teachers Day കുട്ടിടീച്ചർ മത്സരം |
| **OCTOBER** | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് - വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ് ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക<br>• Maths Pazzle Day സംഘടിപ്പിക്കുക(2nd week) |
| **NOVEMBER** | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| **DECEMBER** | Vol II പാഠഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേകീയ ഗണിത ദിനം (ഡിസം.22) ആഘോഷം |
| **JANUARY** | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദചിത്രങ്ങൾ, അനുപാദം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| **FEBRUARY** | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi- ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| **MARCH** | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

| മേഖല-ഹൈസ്കൂൾ - മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
| 1)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്റ്റ്, സെപ്റ്റംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2)കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3.സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9.വിദ്യാരംഗം കലാസാഹിത്യവേദിപ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 13. ആസ്വാദകരമായ വായന<br>14. ഇ-വായന | | | |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൾ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തകരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങളിൽ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലായ്, ഡിസംബർ) | ഓഡിയോ, വീഡിയോ | ഓഡിയോ, വീഡിയോ |

# SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം കുട്ടികൾക്ക് കൊടുക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കാനുള്ള അവസരം കൊടുക്കുന്നു. അവ പ്രദർശിപ്പിക്കുന്നു. സെമിനാറുകൾ, പ്രോജക്ടുകൾ ക്ലാസുകളിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെട്ടത് പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2. ശാസ്ത്ര ബോധം വളർത്തുക | ശാസ്ത്ര ശില്പശാല സംഘടിപ്പിക്കുന്നു.<br>ക്ലാസുകളിൽ ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>സയൻസ് ലാബ് നവീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

# NSS HSS MULLURKKARA

MASTER PLAN

ECO-CLUB-2025-26

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധ വൽക്കരണം | • പരിസ്ഥിതി ക്ലബ്ബ് രൂപീകരണം<br>• വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ<br>• ക്വിസ്<br>• പോസ്റ്റർ-മത്സരം<br>• ബോധവൽക്കരണ ക്ലാസ്സ് | ജൂൺ 5 | സയൻസ് | |
| 2 | ജൈവ വൈവിധ്യം പരിചയപ്പെടൽ പ്രകൃതിയെ അടുത്തറിയാൻ | • സ്കൂൾ പരിസരത്തെ സസ്യങ്ങളുടെ പട്ടിക തയ്യാറാക്കൽ<br>• ശാസ്ത്രീയ നാമം പരിചയപ്പെടൽ | ജൂലായ് | പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ | |
| 3 | സസ്യ സംരക്ഷണം, ബോധവൽക്കരണം | • സസ്യോദ്യാനം<br>• അടുക്കളത്തോട്ടം/പച്ചക്കറി ത്തോട്ടം നിർമ്മാണം | ജൂലായ്-ആഗസ്റ്റ്-മാർച്ച് | പരിസ്ഥിതി ക്ലബ്ബ് സയൻസ് ക്ലബ്ബ് | |
| 4 | പ്ലാസ്റ്റിക് ഉപയോഗം കുറക്കുക - സംസ്കരണം | • പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നു-ഹരിതകർമ്മ സേന | | ക്ലാസ് അധ്യാപകർ | |
| 5 | മാലിന്യമുക്ത - ആരോഗ്യ ശുചിത്വം വിദ്യാലയത്തിലൂടെ -ആരോഗ്യമുള്ള സമൂഹം | • പരിസര ശുചീകരണം<br>• പ്രതിജ്ഞ<br>• ബോധവൽക്കരണം (ശുചിത്വം) | സെപ്റ്റംബർ | | |

| | | | | | |
|---|---|---|---|---|---|
| 6 | വന്യജീവി സംരക്ഷണം | വന്യജീവി വാരം | ഒക്ടോബർ | പരിസ്ഥിതി ക്ലബ്ബ് | |
| 7 | അറിവ്-മികവ് പരീക്ഷിക്കൽ | • ക്വിസ്<br>• പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ<br>• സർവ്വെ-പോസ്റ്റർ | നവംബർ | | |
| 8 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | • പ്രോജക്ട്<br>• പരിസ്ഥിതി സംരക്ഷണം | ജനുവരി | സയൻസ് ക്ലബ്ബ് പരിസ്ഥിത ക്ലബ്ബ് | |
| 9 | പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ജൈവ കീടനാശിനി ഉപയോഗം - രാസകീട നാശിനി ഉപയോഗം കുറക്കുന്നതിന് | • അടുക്കളത്തോട്ട സംരക്ഷണം<br>• ഉദ്യാന പരിപാലനം<br>• പുകയില കഷായം<br>• വേപ്പ്<br>• വെളുത്തുള്ളി | തുടർ പ്രവർത്തനം | | |

| മേഖല – ഹൈസ്കൂൾ- സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും** : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽകിളികൾ** : സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ** : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 3) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ്**: സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ** : സർവ്വെ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക | **പട്ടുപാതയിലൂടെ**: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായി ക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കു ന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) കുട്ടികളിൽ ഉന്നത നില വാഹം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം**: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരി പോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണ ങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെ ക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക് റ്റും സിനിമ etc(ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) വ്യത്യസ്ത ഇനം മണ്ണിനെ ക്കുറിച്ചും, ജലാശയങ്ങളെക്കു റിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരി ചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്രകൊട്ടാരം** : വിവിധ മേഖലകളെക്കു റിച്ച് കുട്ടികളിൽ അവബോധം സൃഷ്ടി ക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹര മാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം 13**

പേര് : കമ്പ്യൂട്ടർ ലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം/ഐ.ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ➢ കമ്പ്യൂട്ടർ ലാബ് നവീകരിക്കൽ | ➢ നിലവിലുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കൽ - പ്രൊജക്ടർ, പ്രിന്റർ മുതലായ ലഭ്യമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഐ.ടി ക്ലബ്ബ് | - |

**പ്രവർത്തനം 14**

പേര് : ഐ.ടി മേള

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ➢ ഐ.ടി അധിഷ്ഠിത വിജ്ഞാനം വർദ്ധിപ്പിക്കുക | ➢ സ്കൂൾ തല ഐ.ടി മേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പ് വരുത്തുക | വർഷത്തിൽ ഒരു പ്രാവശ്യം | ഐ.ടി അധ്യാപകർ | - |

## പ്രവർത്തനം 15

പേര് : ലഹരിവിരുദ്ധ ക്ലബ്ബ്

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| ദിനാചരണം കുട്ടികളിൽ ബോധവൽക്കരണം | ലഹരി വിരുദ്ധദിനം ആച രിച്ചു | ജൂൺ 26 ഒരു തവണ | |
| ലഹരിവസ്തുക്കളുടെ ദൂഷ്യ വശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാർ ആക്കുക | ലഹരിവിരുദ്ധ സന്ദേശ ങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ സ്കൂളിൽ സ്ഥാപിച്ചു. | | 1500 |
| പൊതുസമൂഹത്തെ അറിയി ക്കൽ കുട്ടികളിൽ ബോധ വൽക്കരണം | ലഹരിവിരുദ്ധ റാലി | ഒരു തവണ | |
| കുട്ടികളിൽ ലഹരിവസ്തുക്ക ളുടെ ദൂഷ്യവശങ്ങളെപ്പറ്റി യുള്ള അറിവു പരിശോധി ക്കൽ | ലഹരി വിരുദ്ധ ക്വിസ് | ഒരു തവണ | |

## പ്രവർത്തനം 16

പേര് :

മേഖല/ഉപമേഖല : സാമൂഹികം

| | | | | |
|---|---|---|---|---|
| 1 | ദിനാചരണം കുട്ടികളിൽ ജീവിത നിപുണികളെപ്പറ്റി അവബോധം വളർത്തൽ | നവംബർ 20 സൗഹൃദദിനം ആചരിച്ചു. കുട്ടികളിൽ ജീവിത നിപുണതകളെ ആസ്പദമാക്കി സ്കിറ്റുകൾ അവതരിപ്പിച്ചു. | ഒരു തവണ | Rs 1500 DHSE |
| 2 | മാനസികാരോഗ്യ ബോധവൽക്കണം | മാനസികാരോഗ്യബോധ വൽക്കരണ ക്ലാസ് സംഘ ടിപ്പിച്ചു | ഒരു തവണ | Rs 4000 DHSE |
| 3 | അമ്മാർക്കുള്ള ബോധവൽക്കരണം | അമ്മ അറിയാൻ ബോധ വൽക്കരണ ക്ലാസ് സംഘ ടിപ്പിച്ചു | ഒരു തവണ | Rs 2500 DHSE |
| 4 | റീ പ്രൊഡക്റ്റീവ് ഹെൽത്തിനെ പ്പറ്റിയുള്ള ബോധവൽക്കരണം | റീ പ്രൊഡക്റ്റീവ് ഹെൽത്ത് ക്ലാസ് സംഘടി പ്പിച്ചു | ഒരു തവണ | Rs 4000 DHSE |

# ലിറ്റിൽ കൈറ്റ്സ്

2025- 2026 വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തനങ്ങൾ. 2025-2028 L K batch 30 കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചു. ആഴ്ചയിൽ ഓരോ ക്ലാസ് വിതമാണ് ലിറ്റിൽ കൈറ്റ്സ്ന് ഉള്ളത്. 2024-2027 batch -ലെ കുട്ടികൾക്കും ആഴ്ചയിൽ ഓരോ ക്ലാസ് വിതം കൊടുക്കുന്നത്

| വിഭാഗം | പൊതുപ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | അഭിരുചി പരീക്ഷ |
| ജൂലൈ | എട്ടാം ക്ലാസ് രക്ഷിതാക്കളുടെ യോഗം.<br>പുതിയ ബാച്ചിനുള്ള ക്ലാസ് ആരംഭം . |
| ആഗസ്റ്റ് | റെഗുലർ ക്ലാസ് (ഗ്രാഫിക് ഡിസൈനിംഗ്) |
| സെപ്റ്റംബർ | സ്കൂൾതല ക്യാമ്പ് (ഒൻപതാം ക്ലാസ്) |
| ഒക്ടോബർ | ആനിമേഷൻ, മലയാളം,<br>കംപ്യൂട്ടിംങ്ങ്, റോബോട്ടിക്സ് |
| നവംബർ | ഉപജില്ലാ ക്യാമ്പ് |
| ഡിസംബർ | മീഡിയ ഡോക്യുമെന്റേഷൻ &<br>റോബോട്ടിക്സ് |
| ജനുവരി | ബ്ലോക്ക് പ്രോഗ്രാമിംഗ്,<br>ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് |

## പ്രതീക്ഷിത നേട്ടങ്ങൾ

എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുക. പഠന നില വാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കുടുതൽ പരിശിലനം നൽകുക. ക്ലാസ്സ് ലൈബ്രറികളും സ്കൂൾ ലൈബ്രറികളും സജീവമാകുക. ക്ലാസ് റൂമുകൾ ഡിജിറ്റലാക്കുക.

ICT അദ്ധ്യയനം കാര്യക്ഷമമാക്കുക
നാടകകളരി, രചനാ ശില്പശാല, കലാ-കായിക പരിശീലനം, കരാട്ടേ പരിശീലനം എന്നീ തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളുടെ അഭിനയ ശേഷി, രചനാവൈഭവം, കലകളിലുള്ള മികവ് കായിക പരിശീലനം എന്നിവയ്ക്ക് പരിശീലനം നൽകുകയും ചെയ്യുക.

കൃത്യമായ മൂല്യനിർണ്ണയം നിരന്തരമുള്ള വിലയിരുത്തൽ എന്നിവയിലൂടെ കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുക.

N C C, J R C യൂണിറ്റുകൾ ശക്തമായി പ്രവർത്തിക്കുന്നതുകൊണ്ടും മൂല്യബോധ മുള്ള സമൂഹത്തെ സൃഷ്ടിക്കാനാകും.

## മോണിറ്ററിംഗ് രീതി

H M S സീനിയർ അദ്ധ്യാപകർ രക്ഷാകർത്തൃ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന ഒരു സമിതി ഈ പദ്ധതിയുടെ മോണിറ്ററിംഗ് യഥാസമയം നടത്തും.

## ഉപസംഹാരം

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായക മായ പഠനാവസരം സൃഷ്ടിക്കാൻ ഉതകുന്ന പദ്ധതി രൂപരേഖയാണിത്. ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ ക്ലാസ് മുറികൾ ഒരുക്കുന്നത് വഴി അന്താ രാഷ്ട്ര നിലവാരത്തിലാക്ക് വിദ്യാഭ്യാസ രംഗം ഉയരും. ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ വിദ്യാലയങ്ങൾക്ക് ഉയർച്ചയുണ്ടാകും. പരിസിഥിതി സൗഹാർദ്ധാന്ത രീക്ഷം സൃഷ്ടിക്കാനാകും. പ്രത്യേക പരിഗണന അർഹിക്കുന്നവരേയടക്കം മുഖ്യധാ രയിലേക്ക് കൊണ്ടെത്തിക്കാനാകും. വിദ്യാഭ്യാസത്തിൽ ജനാധിപത്യവൽക്കരണം അർത്ഥ പൂർണമാക്കിക്കൊണ്ട്, മാതൃകാപരമായ മുന്നേറ്റത്തിൽ നമുക്കു പങ്കുചേരാം.